പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1281

11/06/2019-ൽ മറുപടിയ്ക്ക്

## പൊതുവിദ്യാഭ്യാസ സംരക്ഷണം

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി മലപ്പുറം മണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങൾക്കാണ് ഈ സർക്കാരിന്റെ കാലത്ത് കെട്ടിട നിർമ്മാണത്തിനായി ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മലപ്പുറം മണ്ഡലത്തിലെ താഴെപറയുന്ന സ്കൂളുകൾക്കാണ് ഈ സർക്കാരിന്റെ കാലത്ത് 'കിഫ്ബി' വഴി ഫണ്ട് അനുവദിച്ചിട്ടുള്ളത്.<br>1. മലപ്പുറം ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ - 5 കോടി രൂപ<br>2. എം.എസ്.പി.എച്ച്.എസ്.എസ്- 3 കോടി രൂപ<br>3. ജി.എച്ച്.എസ്.എസ് പൂക്കോട്ടൂർ- 3 കോടി രൂപ |
| (ബി) | അവ ഓരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (ബി) | മലപ്പുറം ഗവൺമെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിന്റേയും, എം.എസ്.പി.എച്ച്.എസ്.എസ് ന്റെയും ഫൗണ്ടേഷൻ പണികൾ നടന്നു വരുന്നു. ജി.എച്ച്.എസ്.എസ് പൂക്കോട്ടൂരിന്റെ ഒന്നാം നിലയുടെ സ്ലാബ് വാർത്തുകഴിഞ്ഞു. രണ്ടാം നിലയുടെ തൂണുകളുടെ പണികൾ നടന്നു വരുന്നു. |
| (സി) | അന്തർദേശീയ നിലവാരത്തിലേക്കുയർത്തുന്ന മലപ്പുറം ഗവ.ഗേൾസ് ഹയർസെക്കണ്ടറി സ്കൂൾ, മലപ്പുറം ഗവ.ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ എന്നിവയുടെ കെട്ടിട നിർമ്മാണ നടപടികൾ പാതി വഴിയിൽ നിർത്തി വെക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ; | (സി) | ടി രണ്ട് സ്കൂളുകളുടെയും നിർമ്മാണ ചുമതലയുള്ള കരാറുകാരൻ പ്രവൃത്തികൾ മന്ദഗതിയിലാക്കിയതിനെത്തുടർന്ന് കരാറുകാരന് പണികൾ സമയ ബന്ധിതമായി പൂർത്തീകരിച്ചില്ലെങ്കിൽ, കർശന നിയമ നടപടികൾ സ്വീകരിക്കുമെന്ന് കാണിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. തുടർന്ന് പ്രവർത്തന പുരോഗതി വിലയിരുത്തി വരുന്നുമുണ്ട്. |
| (ഡി) | നിർമ്മാണനടപടികൾ എത്രയും വേഗം ആരംഭിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ? | (ഡി) | സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. |

Namitha J

**സെക്ഷൻ ഓഫീസർ**